## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1574 — 18.6.2012 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ; | (എ) 1) 1,00,000/- രൂപയിൽ താഴെ വാർഷികവരുമാന പരിധിയുള്ള സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്കാണ് ചികിത്സ ധനസഹായം അനുവദിക്കുന്നത്.<br>2) 2000/- രൂപ വരെയുള്ള ധനസഹായം കളക്ടർമാർക്ക് അനുവദിക്കാവുന്നതാണ്.<br>3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ ഒരേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാറുള്ളൂ. എന്നാൽ കാൻസർ, വൃക്ക സംബന്ധമായ രോഗങ്ങളും, ഗുരുതരമായ മറ്റ് കേസുകളിലും പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ അനുവദിച്ചതാണെങ്കിലും രണ്ട് വർഷത്തിനു ശേഷം അപേക്ഷ പരിഗണിക്കാവുന്നതാണ്.<br>4)ചികിത്സക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെ 10,000/- രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്ക് 10,000/- രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്.<br>5)ധനസഹായത്തിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ (മെഡിക്കൽ, റവന്യൂ) മുതലായവ) ആറ് മാസത്തിൽ കവിയാത്തവയായിരിക്കണം.<br>6) കളക്ടർമാർക്ക് പരമാവധി 2,00,000/- രൂപ വരെ മാത്രമേ ഒരു മാസം |

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യാൻ അനുവാദം നൽകിയിട്ടുള്ളൂ.

(ബി) ഏതെല്ലാം തരത്തിലുള്ള ദുരിതങ്ങൾക്കാണ് സഹായം ലഭ്യമാക്കുന്നത് ;

(സി) ചികിത്സാസഹായം ലഭ്യമാക്കുന്നത് ഏതെല്ലാം അസുഖങ്ങൾ ബാധിച്ചവർക്കാണ് ;

(ബി) & (സി) 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ഏതു തരത്തിലുള്ള രോഗങ്ങൾക്കുമുള്ള ചികിത്സാ ചെലവുകൾക്കും, അപകടങ്ങളിലും മറ്റ് ദുരന്തങ്ങളിലും മരണപ്പെടുന്നവരുടെ ആശ്രിതർക്കും, ഇടിമിന്നലേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്കും, കടൽ ക്ഷോഭം മൂലം അപകടത്തിൽപ്പെട്ട് മരണമടയുന്ന വരുടെ കുടുംബങ്ങൾക്കും തൊഴിൽ കുഴപ്പം മൂലം കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും തീ പിടുത്തം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നുണ്ട്.

(ഡി) കാൻസർ, വൃക്കസംബന്ധമായ അസുഖങ്ങൾ ഹൃദയ സംബന്ധമായ അസുഖങ്ങൾ ഇവയ്ക്ക് പരമാവധി എന്തു തുകയാണ് സഹായമായി നൽകുന്നത് ; വിശദമാക്കാമോ

(ഡി) കാൻസർ, വൃക്കസംബന്ധമായ അസുഖങ്ങൾ ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പരമാവധി 5000/- രൂപ വരെയാണ് നൽകി വരുന്നത്. രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കി ലെടുത്ത് പ്രത്യേക സാഹചര്യങ്ങളിൽ മാനദണ്ഡങ്ങളിൽ അയവു വരുത്തി കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

(ഇ) അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തിന് പരമാവധി എന്തു തുകയാണ് സഹായമായി നൽകുന്നത് ?

(ഇ) അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി 30,000/- മുതൽ 1,00,000/- രൂപ വരെ അനുവദിക്കാറുണ്ട്. മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കൂടുതൽ ധനസഹായവും അനുവദിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.